# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/209/2018 2018 ഒക്ടോബർ 4

## വാർത്താക്കുറിപ്പ്

---

**പ്രാക്ടിക്കൽ**

രണ്ടാം സെമസ്റ്റർ ബി.സി.എ./ബി.എസ്‌സി. കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (യു.ജി. - 2017 അഡ്മിഷൻ റഗുലർ/2013-2016 അഡ്മിഷൻ റീ അപ്പിയറൻസ്) ജൂൺ/ജൂലൈ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ എട്ട്, ഒൻപത്, പതിനൊന്ന് തീയതികളിൽ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭ്യമാണ്.

**ഗവേഷണ രജിസ്‌ട്രേഷൻ: അഭിമുഖം 10ന്**

മഹാത്മാഗാന്ധി സർവ്വകലാശാലാ നിയമ വകുപ്പിൽ ഗവേഷണ രജിസ്‌ട്രേഷന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ വിഷയാവതരണവും അഭിമുഖ പരീക്ഷയും ഒക്ടോബർ 10 ന് രാവിലെ 10ന് സ്‌കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടക്കും. അപേക്ഷകർ നിർദ്ദിഷ്ട രേഖകളുമായി എത്തണം.

**പ്രിൻസിപ്പൽ/മാനേജർമാരുടെ യോഗം**

**ഒക്ടോബർ ഒൻപതിന് തിരുവനന്തപുരത്ത്**

സർക്കാർ/എയ്ഡഡ്/സ്വാശ്രയ എൻജിനീയറിംഗ് - ആർക്കിടെക്ചർ - പോളിടെക്‌നിക് - എം.ബി.എ. - എം.സി.എ. കോളേജുകളുടെ പ്രിൻസിപ്പൽമാർ, മാനേജർമാർ എന്നിവരുടെ യോഗം ഒക്ടോബർ ഒൻപതിന് രാവിലെ 10.30ന് തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിംഗ് കാമ്പസിലെ ഡയമണ്ട് ജൂബിലി ഹാളിൽ നടക്കും. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കും. എം.ജി. സർവകലാശാലയ്ക്ക് കീഴിൽ വരുന്ന കോളേജുകളിലെ പ്രിൻസിപ്പൽമാരും മാനേജർമാരും യോഗത്തിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് രജിസ്ട്രാർ അറിയിച്ചു.

**സിൻഡിക്കേറ്റ് ഉപസമിതികൾ പുനഃസംഘടിപ്പിച്ചു**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സിൻഡിക്കേറ്റ് ഉപസമിതികൾ പുനഃസംഘടിപ്പിച്ച് ഉത്തരവായി. അഡ്വ. പി.കെ. ഹരികുമാറാണ് സ്റ്റാഫ് ഉപസമിതിയുടെ കൺവീനർ. പ്രൊഫ. ടോമിച്ചൻ ജോസഫ് (അഫിലിയേഷൻ), ഡോ. പി.കെ. പത്മകുമാർ (അപ്രൂവൽ), ഡോ. ആർ. പ്രഗാഷ് (പരീക്ഷ), പ്രൊഫ. വി.എസ്. പ്രവീൺകുമാർ (ബിസിനസ്), ഡോ. കെ. ജയചന്ദ്രൻ (ധനകാര്യം), ഡോ. എസ്. സുജാത (റിസർച്ച് ആന്റ് ഡെവലപ്‌മെന്റ്), ഡോ. എ. ജോസ് (നിയമകാര്യം), ഡോ. എം.എസ്. മുരളി (സ്റ്റുഡന്റ്‌സ് ഡിസിപ്ലിൻ, വെൽഫെയർ, ഗ്രീവൻസ്), ഡോ. കെ. കൃഷ്ണദാസ് (പ്ലാനിംഗ് ആന്റ് ഡെവലപ്‌മെന്റ്), ഡോ. അജി സി. പണിക്കർ (അക്കാദമിക് അഫയേഴ്‌സ്) എന്നിവരാണ് മറ്റ് ഉപസമിതി കൺവീനർമാർ.

**പരീക്ഷാഫലം**

2018 ജൂണിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ അവസാന വർഷ ബി.എഫ്.എ., ഒന്നാം വർഷ ബി.എഫ്.എ. (ഇന്റഗ്രേറ്റഡ്) റഗുലർ ആന്റ് സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 16 വരെ അപേക്ഷിക്കാം.

2017 നവംബറിൽ നടത്തിയ ഒന്നാം വർഷ ബി.എസ്സി. മെഡിക്കൽ ലബോറട്ടറി ടെക്നോളജി (പുതിയ സ്കീം - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 16 വരെ അപേക്ഷിക്കാം.

2018 ജനുവരി, ജൂലൈ മാസങ്ങളിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.ഫിൽ കെമിസ്ട്രി (ഓർഗാനിക്, പോളിമർ, ഇൻ ഓർഗാനിക് ആന്റ് ഫിസിക്കൽ സയൻസ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

**മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷം:**

**ഗാന്ധി സ്മൃതി പ്രഭാഷണ പരമ്പരയ്ക്ക് ഇന്ന് തുടക്കം**

മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷങ്ങളോടനുബന്ധിച്ച് എം.ജി. സർവകലാശാലയും സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസും സംഘടിപ്പിക്കുന്ന ഗാന്ധി സ്മൃതി പ്രഭാഷണ പരമ്പരയുടെ ഉദ്ഘാടനം ഇന്ന് (ഒക്ടോബർ 5) രാവിലെ 11ന് നടക്കും. സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിലെ സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. ബർലിൻ സെന്റർ ഫോർ മോഡേൺ ഓറിയന്റ് ആന്റ് ഫ്രീ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ഡീട്രീച്ച്റീറ്റ്സ് പ്രഭാഷണം നടത്തും.

**Request : State Edition / Business Page please.**

**നവീന ആശയങ്ങളുണ്ടോ; എം.ജി. ജൈവ സ്റ്റാർട്ടപ്പിന് അപേക്ഷിക്കാം**

സംസ്ഥാന സർക്കാരിന്റെ ഹരിതകേരളം, മഹാത്മാ ഗാന്ധി സർവകലാശാല ജൈവം പദ്ധതികളുടെ ഭാഗമായി നവീനാശയങ്ങളെ യാഥാർത്ഥ്യമാക്കാൻ വിദ്യാർഥികൾക്ക് അവസരം.

ഉൽപ്പന്നമാക്കാൻ കഴിയുന്ന ആശയമോ സേവനമേഖലയിൽ പ്രായോഗികമാക്കാവുന്ന ആശയമോ ഉള്ള കേരളത്തിലെ സർവകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലും പഠിക്കുന്ന വിദ്യാർഥികൾക്കും കഴിഞ്ഞ മൂന്നു വർഷത്തിനകം ബിരുദപഠനം പൂർത്തിയാക്കിയവർക്കും മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററും അന്തർ സർവകലാശാലാ സുസ്ഥിര ജൈവ കൃഷി കേന്ദ്രവും നടത്തുന്ന ജൈവ സ്റ്റുഡന്റ്സ് സ്റ്റാർട്ടപ്പിലേക്ക് അപേക്ഷിക്കാം.

സംസ്ഥാന സർക്കാരിന്റെ ഹരിത കേരളം പദ്ധതിയുടെ ചുവടുപിടിച്ച് ജൈവ സാക്ഷരതയുള്ള സമൂഹം സൃഷ്ടിക്കാനായി എം.ജി. സർവകലാശാല ആവിഷ്ക്കരിച്ച സംരംഭകത്വ പദ്ധതിയാണ് ഐയുകോഫ്സ് ബിഐഐസി സ്റ്റാർട്ടപ്പ്. ഹരിതകേരളം മിഷന്റെ കീഴിൽ വരുന്ന ജൈവ കൃഷി, മാലിന്യനിർമാർജനം, ജലസംരക്ഷണം ശുചിത്വം എന്നീ മേഖലകളിൽ നിന്നുള്ള മികച്ച സംരംഭകത്വ ആശയങ്ങൾ തെരഞ്ഞെടുത്ത് 10000 രൂപ വീതം സ്റ്റാർട്ടപ്പ് ഗ്രാന്റായി നൽകും.

സുസ്ഥിര കൃഷി മേഖലയിലും മാലിന്യനിർമാർജ്ജനത്തിനും പുനരുപയോഗത്തിനും ജലവിഭവ സംരക്ഷണത്തിനും ഉപയോഗത്തിനും കരുതലിനും ഉപയോഗിക്കാവുന്ന നവീന ആശയങ്ങൾ രൂപീകരിക്കാനും പ്രവർത്തിപഥത്തിലെത്തിക്കാനുമായാണ് സർവകലാശാല നവസംരംഭകത്വ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. ജൈവ കാർഷിക പരിസ്ഥിതി മേഖലകളിൽ ഉപയോഗിക്കാവുന്ന നവസാങ്കേതിക വിദ്യകൾ, ഉൽപ്പന്നങ്ങൾ, സേവനങ്ങൾ എന്നിവയ്ക്കാണ് സ്റ്റാർട്ടപ്പിൽ രജിസ്ട്രേഷൻ നൽകുക.

ആശയരൂപീകരണം, ഗവേഷണം/ഉൽപ്പന്ന വികസനം, മാതൃകാ നിർമാണം, വാണിജ്യാടിസ്ഥാന ഉൽപ്പാദനം എന്നിവയ്ക്കായി പരമാവധി 12 മാസമാണ് അനുവദിക്കുക.

നവീന ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള ശാസ്ത്ര സാങ്കേതിക, ബിസിനസ് മാനേജ് മെന്റ്, ധനകാര്യ ആസൂത്രണം, വിപണനം തുടങ്ങിയ മേഖലകളിലെ വിദഗ്ധരുടെ നേരിട്ടുള്ള മേൽനോട്ടവും മാർഗനിർദ്ദേശങ്ങളും ഇതിലൂടെ ലഭിക്കും. മഹാത്മാ ഗാന്ധി സർവകലാശാലയിലെ അദ്ധ്യാപകരുടെയും വ്യവസായ വിദഗ്ധരുടെയും സാങ്കേതിക സഹായം, അത്യാധുനിക ഉപകരണങ്ങളും പരീക്ഷണശാലകളും ഉല്പന്ന വികസനത്തിനായി ഉപയോഗിക്കാനുള്ള അവസരം, ട്രേഡ് മാർക്ക്, ലൈസൻസ്, പേറ്റന്റ് തുടങ്ങിയവയ്ക്ക് അപേക്ഷിക്കാനുള്ള സൗകര്യം, സാങ്കേതിക

വിദ്യ കൈമാറ്റത്തിനുള്ള സഹായം എന്നീ സേവനങ്ങളും തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾക്ക് ഐയുകോഫ്സ - ബിഐഐഎസി സ്റ്റാർട്ടപ്പ് നൽകും. www.biic.org.in എന്ന വെബ് സൈറ്റിലൂടെയാണ് അപേക്ഷ നൽകേണ്ടത്. വിശദവിവരങ്ങൾക്ക് ഫോൺ: 7012608667.

## ഡോ. വി.സി. ഹാരിസ് വൈജ്ഞാനിക സദസിന് തുടക്കം;

## ജൊനാഥൻ ഡോളിമോറുമായുള്ള ഓപ്പൺ ഫോറം ഇന്ന് (ഒക്ടോബർ 5)

ഡോ. വി.സി. ഹാരിസ് വൈജ്ഞാനിക സദസിനും പ്രഭാഷണ പരമ്പരയ്ക്കും സ്കൂൾ ഓഫ് ലെറ്റേഴ്സിൽ തുടക്കമായി. 'തൃഷ്ണയും മരണവും' എന്ന വിഷയത്തിൽ നവോത്ഥാന സാഹിത്യത്തിലെ പ്രമുഖ സാമൂഹിക സൈദ്ധാന്തികനും നവചരിത്രവാദത്തിന്റെ വക്താവുമായ പ്രൊഫ. ജൊനാഥൻ ഡോളിമോർ പ്രഭാഷണം നടത്തി. ജീവിതത്തെയും മരണത്തെയും മനസ്സിലാക്കാൻ സാമ്പ്രദായിക ദ്വന്ദ്വങ്ങളെ അപനിർമിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ ഡോ. കെ.എം. കൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിൽ റിസർച്ച് ഓഫീസർ ഡോ. സജി മാത്യൂ സംസാരിച്ചു. പാനൽ ചർച്ചയിൽ ഡോ. പി.പി. രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. ഡോ. പി.എസ്. രാധാകൃഷ്ണൻ, എം.വി. ബിജുലാൽ, ഷെറി ജേക്കബ്, ഫെബു, മായ വേണുഗോപാൽ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. വൈകിട്ട് ആറിന് സ്കൂൾ ഓഫ് ലെറ്റേഴ്സിലെ വിദ്യാർഥികൾ അവതരിപ്പിക്കുന്ന 'പുലിജന്മം' നാടകം അരങ്ങേറി.

ഇന്ന് (ഒക്ടോബർ 5) രാവിലെ 10.30ന് 'കൾച്ചറൽ മെറ്റീരിയലിസം' എന്ന വിഷയത്തിൽ പ്രൊഫ. ജൊനാഥൻ ഡോളിമോർ പ്രഭാഷണം നടത്തും. തുടർന്ന് ഓപ്പൺ ഫോറം. ഉച്ചകഴിഞ്ഞ് രണ്ടിന് നടക്കുന്ന പാനൽ ചർച്ചയിൽ പ്രൊഫ. റ്റി.എം. യേശുദാസൻ അധ്യക്ഷത വഹിക്കും. 3.30ന് ആലുവ യു.സി. കോളജിലെ ഇംഗ്ളീഷ് ഡിപ്പാർട്ട്മെന്റ് അവതരിപ്പിക്കുന്ന നാടകം. മഹാത്മാ ഗാന്ധി സർവകലാശാലയും സ്കൂൾ ഓഫ് ലെറ്റേഴ്സും ചേർന്ന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

**ചിത്രവിവരണം**

**ഡോ. വി.സി. ഹാരിസ് വൈജ്ഞാനിക സദസ്സിന്റെ ഭാഗമായി സ്കൂൾ ഓഫ് ലെറ്റേഴ്സിൽ പ്രൊഫ. ജൊനാഥൻ ഡോളിമോർ പ്രഭാഷണം നടത്തുന്നു**

## ഏകജാലക പ്രവേശനം; ഇന്നും നാളെയും ഓപ്ഷൻ നൽകാം

എം.ജി. സർവകലാശാലയുടെ ഏകജാലകം വഴിയുള്ള പി.ജി., ബി.പി.എഡ്., ബി.എൽ.ഐ.എസ്സി. പ്രവേശനത്തിനുള്ള ഫൈനൽ അലോട്ട്മെന്റിന് ഇന്നും (ഒക്ടോബർ 5) നാളെ (ഒക്ടോബർ 6) വൈകീട്ട് അഞ്ചുവരെയും പുതുതായി ഓപ്ഷൻ നൽകാം. വിശദവിവരങ്ങൾ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഒഴിവുള്ള പ്രോഗ്രാമുകളുടെ വിവരം ക്യാപ് വെബ്സൈറ്റിൽ ഇന്ന് പ്രസിദ്ധീകരിക്കും.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ